പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1815 05.02.2019-ലെ മറുപടിക്ക്

## എം പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ട നടപടി

ചോദ്യം

ശ്രീ.കെ.മുരളീധരൻ

" എം. വിൻസെന്റ്

" വി.പി.സജീന്ദ്രൻ

" ഷാഫി പറമ്പിൽ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എംപാനൽ കണ്ടക്ടർമാരെ പിരിച്ചു വിട്ട് പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉള്ളവരെ നിയമിക്കണമെന്ന ഹൈക്കോടതി ഉത്തരവ് കെ.എസ്.ആർ. ടി.സി യിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ടോ; | (എ) | പ്രത്യക്ഷത്തിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടില്ല. |
| (ബി) | എത്ര എം പാനൽ കണ്ടക്ടർമാരെയാണ് ഇപ്രകാരം പിരിച്ചുവിട്ടത്; ഇതിൽ എത്ര വർഷം വരെ സർവ്വീസുള്ളവർ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി 4071 താൽക്കാലിക കണ്ടക്ടർമാരെയാണ് ഇപ്രകാരം പിരിച്ചു വിട്ടത്. ഇതിൽ 13 വർഷം വരെ താൽക്കാലിക സേവനം ഉള്ളവർ ഉണ്ടായിരുന്നു. |
| (സി) | ഇത്രയധികം കണ്ടക്ടർമാരെ ഒന്നിച്ച് ഒഴിവാക്കിയപ്പോൾ വടക്കൻ ജില്ലകളിൽ ഉൾപ്പെടെ സർവ്വീസുകൾ മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (സി) | ഇത്രയധികം കണ്ടക്ടർമാരെ ഒന്നിച്ച് ഒഴിവാക്കിയപ്പോൾ വടക്കൻ ജില്ലകളിൽ ഉൾപ്പെടെ ചില യൂണിറ്റുകളിൽ സർവ്വീസ് മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.<br>എന്നാൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും അതിവേഗം നിയമനം നടത്തിയിട്ടുള്ളതും ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനത്തിൽ കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകി ജോലിയ്ക്കായി നിയോഗിച്ചിട്ടുള്ളതുമാണ്. |
| (ഡി) | പിരിച്ചുവിട്ട കണ്ടക്ടർമാർ നടത്തുന്ന സെക്രട്ടറിയേറ്റിന് മുന്നിലെ സമരം ഒത്തുതീർപ്പാക്കുന്നതിന് എന്തുനടപടി സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത് ; വിശദമാക്കാമോ? | (ഡി) | ബഹു: ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് താൽക്കാലിക കണ്ടക്ടർമാരെ കെ.എസ്.ആർ.ടി.സി പിരിച്ചു വിട്ടത്. ആയതിനാൽ ഇക്കാര്യത്തിൽ കോടതി വിധിക്കു വിധേയമായി മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**